LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

31 [1607] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് എൽ.ഡി. ക്ലാർക്കുമാരായി നിയമിക്കപ്പെടുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നും വിവിധ വകുപ്പുകളിലായി ഇതുവരെ എത്ര ആളുകൾക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഏതൊക്കെ വകുപ്പുകളിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടന്നതിന്റെ വിശദാംശം അറിയിക്കുമോ;

(ഇ) ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ;

(എഫ്) നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടും ഏതൊക്കെ വകുപ്പ് മേധാവികൾ ആണ് അവ റിപ്പോർട്ട് ചെയ്യാത്തത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ നിയമന നിരോധനം നിലവിലില്ലാത്ത ഈ സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(ജി) റിപ്പോർട്ടു ചെയ്ത് കഴിഞ്ഞതും ഇനി റിപ്പോർട്ടു ചെയ്യാനുള്ളതുമായ ഒഴിവുകളിലേയ്ക്ക് നിയമനം അടിയന്തിരമായി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—ജി) വിവരം ശേഖരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ ഹൈസ്ക്കൂൾ അസിസ്റ്റന്റ് (കണക്ക്) തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി

32 [1608] ശ്രീ. വി. ചെത്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 29-1-2001-ന് നിലവിൽ വന്ന ഹൈസ്ക്കൂൾ അസിസ്റ്റന്റ് (കണക്ക്) തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് ഒരു മാസം പോലും കാലാവധി നീട്ടാതെ റദ്ദാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ഹൈസ്കൂൾ അസിസ്റ്റന്റ് (കണക്ക്) തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ നീട്ടുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 32 പേർക്ക് നിയമനം നൽകി.

(സി) 2 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) പി.എസ്.സി.-യാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ

33 [1609] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി ഏതെല്ലാം തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ ഒഴിവുകളിൽ ഏതെല്ലാമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് ഏതെല്ലാം വകുപ്പുകളാണെന്നും സർക്കാരിന്റെ പ്രഖ്യാപിത നിലപാടിനുവിരുദ്ധമായ ഈ നടപടിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly